# പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം - 4607** **26.06.2014- ൽ മറുപടിക്ക്**

## തിരുവനന്തപുരം മോണോറെയിൽ പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എ. എ. അസീസ്<br>ശ്രീ. കോവൂർ കുഞ്ഞുമോൻ | | **ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി)** | |
| (എ) | തിരുവനന്തപുരം മോണോറെയിൽ പദ്ധതി എവിടം മുതൽ എവിടം വരെയാണ് നടപ്പിലാക്കുന്നത് ; | (എ) | തിരുവനന്തപുരം മോണോറെയിൽ പദ്ധതി പള്ളിപ്പുറം മുതൽ കരമന വരെയാണ് നടപ്പിലാക്കുന്നത്. തിരുവനന്തപുരം ടെക്നോപാർക്കിലേക്ക് കണക്റ്റിവിറ്റി കൊടുക്കുന്ന കാര്യം സാങ്കേതികമായി പരിശോധിച്ചു വരികയാണ്. |
| (ബി) | എത്ര സ്റ്റേഷനുകളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; | (ബി) | 19 സ്റ്റേഷനുകളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. |
| (സി) | പദ്ധതിക്കായി എത്ര സ്ഥലം ഏറ്റെടുക്കേണ്ടതായിട്ടുണ്ട് ; | (സി) | പദ്ധതിക്കായി 2.64 ഹെക്ടർ സ്വകാര്യ ഭൂമിയും, 12.75 ഹെക്ടർ സർക്കാർ ഭൂമിയും, 0.13 ഹെക്ടർ റെയിൽവേ ഭൂമിയും ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. |
| (ഡി) | ഈ പദ്ധതി എന്നത്തേക്ക് പ്രവർത്തനക്ഷമമാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കാമോ ? | (ഡി) | 2019 നവംബറോടെ പ്രവർത്തനക്ഷമമാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. |

സെക്ഷൻ ഓഫീസർ